(സി) ഇവരെ 'അലിൻഡിലെ' പുളിയറക്കോണത്തെ റിലേ യൂണിറ്റിലേയ്ക്കും, മാന്നാറിലെ സ്വിച്ച് ഗിയർ യൂണിറ്റിലേയ്ക്കും നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഇവർക്ക് നൽകാനുള്ള കുടിശ്ശിക ശമ്പളവും ബോണസും മറ്റ് ആനുകൂല്യങ്ങളും നൽകാൻ അലിൻഡ് എം.ഡി.ക്ക് നിർദ്ദേശം നൽകുമോ;

ഉത്തരം

(എ) പീഡിത വ്യവസായമായി ബി.ഐ.എഫ്.ആർ. പ്രഖ്യാപിച്ചിരിക്കുന്ന കമ്പനിയുടെ പുനരുദ്ധാരണത്തിനായി, ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരികയാണ്. യൂണിറ്റുകൾ വേർതിരിച്ചുള്ള പുനരുദ്ധാരണ സാദ്ധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കാൻ ബി.ഐ.എഫ്.ആർ. ഓപ്പറേറ്റിംഗ് ഏജൻസിയായ ഐ.ഐ.സി.ഐ.യോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ഉണ്ട്.

(സി) മാറ്റി നിയമിക്കാവുന്ന ജോലിക്കാരെ ഇതിനകംതന്നെ മാറ്റി നിയമിച്ചു കഴിഞ്ഞിട്ടുണ്ട്.

(ഡി) ബി.ഐ.എഫ്.ആർ.ന്റെ തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി മാത്രമേ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

51 (607) മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ

ശ്രീ. എളമരം കരിം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ "മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ" പ്രവർത്തനം ഫാക്ടറി കെട്ടിടങ്ങളുടെ തകരാറു കാരണം കുഴപ്പത്തിലാണെന്ന് അറിവുണ്ടോ;

(ബി) ഇവിടെ പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിന്റെ ഫാക്ടറി കെട്ടിടങ്ങൾ ജീർണ്ണിച്ചാവസ്ഥയിലുള്ളതാണ്. എന്നാൽ ഈ കെട്ടിടങ്ങളിൽ മില്ലിന്റെ പ്രവർത്തനം തുടർന്നുവരുന്നു.

(ബി) ഒരു പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചുകഴിഞ്ഞു. മൊത്തം നിർമ്മാണം 2000-ാമാണ്ടിൽ പൂർത്തീകരിക്കാനാകുമെന്ന് കരുതുന്നു.

52 (608) പാംലഹറിന്റെ ഉല്പാദനം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപാം ഉല്പാദിപ്പിച്ച് വിപണനം നടത്തുന്ന പാംലഹർ എന്ന സോഫ്റ്റ് ഡ്രിങ്ക് ഏതെങ്കിലും ബഹുരാഷ്ട്ര കമ്പനി ഏറ്റെടുക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പാംലഹറിന്റെ പ്രതിദിന ഉല്പാദനം ഇപ്പോൾ എത്രയാണ്; ആരംഭകാലത്തെ ഉല്പാദനം എത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly